**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1 (B)/Rebuild Wayanad /2024 തീയതി: 24/08/2024

# പരിപത്രം

വിഷയം:-റീബിൽഡ് വയനാട് – മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാരിൽ നിന്നും അഞ്ച് ദിവസത്തെ ശമ്പളം സംഭാവന ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന –1. 16.08.2024 തീയതിയിലെ ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ സ.ഉ. (അ) നം.70/2024/ധന നമ്പർ പരിപത്രം.
2. ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 07.08.2024 തീയതിയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിലെ രജിസ്റ്റേർഡ് ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ഓഫീസർ സംഘടനാ പ്രതിനിധികളുമായും ' റീബിൽഡ് വയനാട് ' വിഷയത്തിൽ നടത്തിയ ചർച്ചയുടെ മിനുട്സ്.
3. PS1(B)/Rebuilt Wayanad/2024 തീയതി 17.08.2024 പ്രകാരം ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ച കുറിപ്പ്.

സംസ്ഥാനത്ത്, 2024 ജൂലൈയിൽ വയനാട്ടിൽ അപ്രതീക്ഷിതമായി ഉണ്ടായ ഉരുൾപൊട്ടൽ വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും ടി ജില്ലയുടെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പരമാവധി തുക സമാഹരിക്കേണ്ടതായി കാണുന്നു. മേൽ സാഹചര്യത്തിൽ, സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുന്നവരും സമൂഹത്തിൽ സ്ഥിര വരുമാനം ഉള്ളവരുമായ പ്രധാന വിഭാഗമായ ജീവനക്കാർ എന്നിരിക്കെ, എല്ലാ വിഭാഗം ജീവനക്കാരുടേയും പൂർണ്ണ സഹകരണം CMDRF – ലേയ്ക്ക് ഉള്ള സംഭാവനയുടെ കാര്യത്തിൽ പ്രതീക്ഷിക്കുന്നു എന്നും ആകയാൽ സംസ്ഥാനത്തെ Govt/ PSU/ Board/ University/ Aided/ Local Bodies/ Grant-in-Aid/ Commissions/Tribunals/മറ്റ് സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിലെ എല്ലാ ജീവനക്കാരും തങ്ങളുടെ അഞ്ച് ദിവസത്തിൽ കുറയാത്ത ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി പ്രതീക്ഷിക്കുന്നതായും, ആയത് നിർബന്ധമല്ലെങ്കിലും ഒരാളും ഇതിൽ നിന്നും വിട്ടു നിൽക്കരുതെന്നും സർക്കാരിന് വേണ്ടി ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടേയും മറ്റുള്ളവരുടേയും അഞ്ച് ദിവസത്തിൽ കുറയാത്ത ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നത് സംബന്ധിച്ച് മേൽ സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്.

കെ.എസ്.ഇ.ബി ലിമിറ്റഡിലും വയനാട് ജില്ലയുടെ പുനർ നിർമ്മാണത്തിനായുള്ള ധനസമാഹരണം സംബന്ധിച്ച് 2024 ആഗസ്റ്റ് 7 ന് കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസർ സംഘടനകളുമായും രജിസ്റ്റേർഡ് / അംഗീകൃത തൊഴിലാളി സംഘടനകളുമായും ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, നടത്തിയ ചർച്ചയിൽ കൈക്കൊണ്ട തീരുമാനത്തിന്റേയും മേൽ സർക്കാർ ഉത്തരവിന്റേയും അടിസ്ഥാനത്തിൽ ധനസമാഹരണത്തിന്റെ ഭാഗമായി ജീവനക്കാരുടെ അഞ്ച് ദിവസത്തെ വേതനം പരമാവധി 3 ഗഡുക്കളായി 2024 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്യുന്ന 2024 ആഗസ്റ്റ് മാസത്തെ ശമ്പളം മുതൽ കുറവ് ചെയ്യാൻ താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു പരിപത്രം പുറപ്പെടുവിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് സൂചന (2) മുഖേന ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് ഉത്തരവാകുന്നു.

1. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസർമാരും ജീവനക്കാരും ഏറ്റവും ചുരുങ്ങിയത് അഞ്ച് ദിവസത്തെ വേതനം സംഭാവനയായി നൽകേണ്ടതും ആയത് 3 ഗഡുക്കളായി 2024 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്യുന്ന 2024 ആഗസ്റ്റ് മാസത്തിലെ ശമ്പളം മുതൽ കുറവ് ചെയ്യപ്പെടുന്നതുമാണ്.
2. ശമ്പള തുക കണക്കാക്കുന്നത് 2024 ആഗസ്റ്റ് മാസത്തെ മൊത്ത ശമ്പളത്തെ അടിസ്ഥാനമാക്കിയാണ്. ടി തുകയുടെ മുപ്പതിലൊന്നായി ഒരു ദിവസത്തെ ശമ്പള തുക (rounded to nearest rupee) കണക്കാക്കേണ്ടതാണ്.
3. 5 ദിവസത്തെ വേതനം സംഭാവന ചെയ്യുന്നവർക്ക് ടി തുക പരമാവധി 3 ഗഡുക്കളായി നൽകാവുന്നതാണ് (1+2+2=5).
4. 5 ദിവസത്തിൽ കൂടുതൽ സംഭാവന ചെയ്യാൻ സന്നദ്ധരാകുന്നവർക്ക് അവരവരുടെ നിർദ്ദേശപ്രകാരം ഒരോ മാസവും ശമ്പളത്തിൽ കുറവ് ചെയ്യാവുന്നതാണ്.
5. സൂചന (2) പ്രകാരമുള്ള യോഗത്തിലെ തീരുമാനപ്രകാരം കുറഞ്ഞത് 5 ദിവസത്തെ വേതനം സംഭാവന ചെയ്യണമെന്ന വ്യവസ്ഥയിൽ നിന്ന് വ്യത്യസ്ഥമായ രീതി അവലംബിക്കുവാൻ താത്പര്യമുള്ള ജീവനക്കാർ ബന്ധപ്പെട്ട ARU തലവനെ ആയത് രേഖാമൂലം വ്യക്തിഗത അപേക്ഷ നൽകി കാലേക്കൂട്ടി അറിയിക്കേണ്ടതാണ്. ആയത് 2024 ആഗസ്റ്റ് മാസം 29 ന് മുമ്പായി അറിയിക്കേണ്ടതും അല്ലാത്തപക്ഷം ഈ പരിപത്രത്തിലെ 1 മുതൽ 3 വരെയുള്ള വ്യവസ്ഥകൾ പ്രകാരം ശമ്പളത്തിൽ കുറവ് വരുത്തുന്നതുമാണ്.
6. ശമ്പളത്തിൽ നിന്നും സി.എം.ഡി.ആർ.എഫ് - ലേക്ക് സംഭാവനയായി നൽകുന്ന തുക 2024 സെപ്റ്റംബറിൽ വിതരണം ചെയ്യുന്ന ആഗസ്റ്റ് മാസത്തെ ശമ്പളം മുതൽ കുറവ് ചെയ്യുന്നതാണ്.
7. ജീവനക്കാർക്ക് തങ്ങളുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും സി.എം.ഡി.ആർ.എഫ് - ലേക്ക് തുക അടയ്ക്കാവുന്നതാണ്. അതിനായി എൻ.ആർ.എ/റ്റി.എ-യ്ക്കുള്ള അപേക്ഷ പ്രത്യേകമായി നൽകേണ്ടതാണ്.
8. അഞ്ച് ദിവസമോ അതിൽ കൂടുതലോ സി.എം.ഡി.ആർ.എഫ്-ലേക്ക് സംഭാവന ചെയ്യുന്നവർക്ക് ഈ വർഷത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് പി.എഫ് - ൽ ലയിപ്പിക്കുന്നതിൽ നിന്നോ, പണമായി കൈപ്പറ്റുന്നവർക്ക് ടി തുകയിൽ നിന്നോ, തുക കുറവ് ചെയ്ത് നൽകേണ്ടതും നിലവിലെ ചട്ടങ്ങൾ പ്രകാരം ഉള്ള വാർഷിക പരിധി ബാധകമായിരിക്കുന്നതുമാണ്.
9. ഇപ്രകാരം സറണ്ടർ ചെയ്ത ശേഷം, ചട്ടപ്രകാരം ഉള്ള ബാക്കി ദിവസത്തെ സറണ്ടർ ഈ വർഷം തന്നെ ചെയ്യാവുന്നതുമാണ്.
10. മേൽ നിർദ്ദേശങ്ങൾ പ്രകാരം, ശമ്പളത്തിൽ നിന്നും സി.എം.ഡി.ആർ.എഫ് - ലേക്ക് മാസ ഗഡുക്കൾ പിടിക്കുന്നവർക്ക് ആയത് കഴിയുന്നത് വരെ ജി.പി.എഫ് വരി സംഖ്യയിൽ നിന്നും ജീവനക്കാരൻ ആവശ്യപ്പെടുന്ന പക്ഷം തുക കുറയ്ക്കാവുന്നതാണ്.
11. ശമ്പളത്തിൽ നിന്നും ഗഡുക്കൾ പിടിക്കുന്നത് അവസാനിക്കുന്നതുവരെ ജി.പി.എഫ്, റ്റി.എ തിരിച്ചടവ്, ജീവനക്കാരൻ ആവശ്യപ്പെടുന്ന പക്ഷം മരവിപ്പിക്കാവുന്നതാണ്.
12. HRIS Pay Roll ൽ ഇപ്രകാരം കിഴിവ് ചെയ്ത് തുക ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ചീഫ് എഞ്ചിനീയർ (ഐ.റ്റി) യെ ചുമതലപ്പെടുത്തുന്നു.
13. പ്രസ്തുത സംഭാവന തുക 44.424 എന്ന അക്കൌണ്ട് ഹെഡിലേയ്ക്ക് കിഴിവ് ചെയ്യേണ്ടതാണ്.

ഒപ്പ്
**സെക്രട്ടറി (ഭരണം)**

പകർപ്പ്: എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, സേഫ്റ്റി & എസ്.സി.എം )/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, & പ്ലാനിംഗ്)/ടി. എ ടു ഡയറക്ടർ (ജനറേഷൻ – ഇലക്ട്രിക്കൽ, റീസ്, സൗര, സ്പോർട്സ് & വെൽഫയർ)/ പി. എ ടു ഡയറക്ടർ (ഫിനാൻസ് & അഡീഷണൽ ചാർജ്ജ് ഓഫ് എച്ച്.ആർ.എം) /എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സിനീയർ സൂപ്രണ്ട്